Reg. No. : ....................................

Name : ..........................................

# ME-549

**SECOND YEAR HIGHER SECONDARY MODEL EXAMINATION, MARCH 2022**

Part – III

## ACCOUNTANCY WITH ANALYSIS OF FINANCIAL STATEMENTS

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

## SECTION – I

## ACCOUNTANCY

(40 Scores)

### PART-I

**A. Answer any four questions from 1 to 6. Each carries 1 score.** **(4 × 1 = 4)**

1. Amount received by a not for profit organisation as per the will of a deceased person is known as

   (a) Grant (b) Legacy

   (c) Donations (d) Subscriptions

2. The document containing the terms of agreement of a partnership is known as

   (a) Partnership deed (b) Balance sheet

   (c) Memorandum of Association (d) None of the above

3. The ratio in which the old partners agree to sacrifice their share of profit in favour of new partner is

   (a) New Ratio (b) Sacrificing Ratio

   (c) Old Ratio (d) Gaining Ratio

4. Akhil, Binil and Nikhil are partners sharing profits in the ratio of 5 : 3 : 2. If Binil retires, the new profit sharing ratio between Akhil and Nikhil will be

   (a) 5 : 3 (b) 5 : 2

   (c) 3 : 2 (d) 2 : 5

5. Profit on revaluation at the time of Retirement of a partner is shared in which ratio ?

   (a) Gaining Ratio (b) New Ratio

   (c) Old Ratio (d) Sacrificing Ratio

6. The account prepared to close the assets and liabilities of the firm at the time of dissolution is

   (a) Realisation A/c (b) Revaluation A/c

   (c) Profit and Loss A/c (d) Receipts and Payments A/c

## SECTION – I

## ACCOUNTANCY

(40 Scores)

ഭാഗം – I

A. 1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വിതം. (4 × 1 = 4)

1. മരണപ്പെട്ടയാളുടെ വിൽ പത്രം പ്രകാരം ഒരു ലാഭേച്ഛയില്ലാത്ത സ്ഥാപനത്തിന് ലാഭിക്കുന്ന തുകയാണ്
   (a) ഗ്രാന്റ്
   (b) ലെഗസി
   (c) ഡൊണേഷൻ
   (d) വരിസംഖ്യ

2. പങ്കാളിത്ത ബിസിനസ്സിന്റെ കരാർ രേഖപെടുത്തിയിട്ടുള്ള എഴുതപ്പെട്ട രേഖയാണ്
   (a) പങ്കാളിത്ത ഉടമ്പടി
   (b) ബാക്കി പത്രം
   (c) മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ
   (d) ഇവയൊന്നുമല്ല

3. പുതിയ പങ്കാളിക്ക് വേണ്ടി പഴയ പങ്കാളികൾ അവരുടെ ലാഭത്തിൽ നിന്നും ത്യജിക്കുന്ന അനുപാതമാണ്
   (a) പുതിയ അനുപാതം
   (b) ത്യാഗ അനുപാതം
   (c) പഴയ അനുപാതം
   (d) നേട്ട അനുപാതം

4. അഖിൽ, ബിനിൽ, നിഖിൽ എന്നിവർ 5 : 3 : 2 അനുപാതത്തിൽ ലാഭം പങ്കുവയ്ക്കുന്ന പങ്കാളികളാണ്. ബിനിൽ വിരമിക്കുകയാണെങ്കിൽ അഖിൽ, നിഖിൽ എന്നിവരുടെ പുതിയ അനുപാതം.
   (a) 5 : 3
   (b) 5 : 2
   (c) 3 : 2
   (d) 2 : 5

5. ഒരു പങ്കാളിയുടെ വിരമിക്കൽ സമയത്തുള്ള പുനർമൂല്യ നിർണ്ണയ ലാഭം പങ്കുവെക്കുന്നത് ഏത് അനുപാതത്തിലാണ് ?
   (a) നേട്ട അനുപാതം
   (b) പുതിയ അനുപാതം
   (c) പഴയ അനുപാതം
   (d) ത്യാഗ അനുപാതം

6. പങ്കാളിത്തസ്ഥാപനം പിരിച്ച് വിടുന്ന സമയത്ത് ആസ്തി ബാധ്യതകൾ തീർപ്പാക്കുന്നതിനായി തയ്യാറാക്കുന്ന അക്കൗണ്ട്
   (a) റിയലൈസേഷൻ A/c
   (b) റീവാല്യുവേഷൻ A/c
   (c) ലാഭനഷ്ട A/c
   (d) പണം സ്വീകരിക്കൽ നൽകൽ A/c

**B. Answer all questions from 7 to 9. Each carries 1 score.** **(3 × 1 = 3)**

7. The excess of Assets over Liabilities of a Not for Profit organisation is

   (a) Capital (b) Capital Fund

   (c) Surplus (d) Deficit

8. In the absence of partnership deed, which of the following partner is entitled to get interest on capital ?

   (a) Working Partner

   (b) Guaranteed Partner

   (c) Partner who contributed largest amount of capital

   (d) None

9. Goodwill appearing in the books at the time of admission will be written off by debiting old partner's capital accounts in ________ ratio.

   (a) New Ratio (b) Old Ratio

   (c) Sacrificing Ratio (d) Gaining Ratio

## PART-II

**A. Answer the following question, carries 2 scores.** **(1 × 2 = 2)**

10. What do you mean by Not for Profit Organisation ?

**B. Answer any one question from 11 to 12. Carries 2 scores.** **(1 × 2 = 2)**

11. A partnership firm earned an average profits of ₹ 75,000 during the last few years and the normal rate of return is 10%. Ascertain the value of goodwill by capitalisation of average profit method, given that the value of Net Assets of the business is ₹ 6,00,000.

12. How will you deal Private Debts and Firm's Debts at the time of Dissolution of firm ?

## PART-III

**A. Answer any three questions from 13 to 16. Each carries 3 scores.** **(3 × 3 = 9)**

13. From the given particulars, calculate the amount of subscription to be credited to Income and Expenditure A/c for the year ended 31st December, 2020 :

| | (₹) |
|---|---|
| Subscription received during the year | 35,000 |
| Subscription outstanding on 1-1-2020 | 2,500 |
| Subscription received in advance on 1-1-2020 | 1,500 |
| Subscription received in advance on 31-12-2020 | 2,000 |
| Subscription outstanding on 31-12-2020 | 3,000 |

**B.** **7 മുതൽ 9 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(3 × 1 = 3)**

7. ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങളുടെ ആസ്തി ബാധ്യതകളുടെ വ്യത്യാസമാണ്
   (a) മൂലധനം (b) മൂലധന ഫണ്ട്
   (c) സർപ്ലസ് (d) ഡെഫിസിറ്റ്

8. പങ്കാളിത്തകരാറിന്റെ അഭാവത്തിൽ മൂലധന പലിശ കിട്ടാൻ അർഹതയുള്ളത് ആർക്ക്?
   (a) പ്രവർത്തിക്കുന്ന പങ്കാളി
   (b) ലാഭം ഉറപ്പ് നൽകിയ പങ്കാളി
   (c) കൂടുതൽ മൂലധനം നൽകിയ പങ്കാളി
   (d) ആർക്കുമില്ല

9. ഒരു പങ്കാളിയുടെ പ്രവേശന സമയത്ത് ഗുഡ്‌വിൽ തുക കണക്കിൽ കാണിച്ചിട്ടുണ്ടെങ്കിൽ ആയത് പഴയ പങ്കാളികളുടെ മൂലധന അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുന്നത് ഏത് അനുപാതത്തിലാണ്.
   (a) പുതിയ അനുപാതം (b) പഴയ അനുപാതം
   (c) ത്യാഗ അനുപാതം (d) നേട്ട അനുപാതം

## ഭാഗം - II

**A.** **താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക. 2 സ്കോർ.** **(1 × 2 = 2)**

10. ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങൾ എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**B.** **11 മുതൽ 12 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ.** **(1 × 2 = 2)**

11. ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ കഴിഞ്ഞ ഏതാനും വർഷങ്ങളിലെ ശരാശരി ലാഭം 75,000 രൂപയും സാധാരണ ലാഭ നിരക്ക് 10% ആണ്. അറ്റആസ്തി മൂല്യം 6,00,000 രൂപയാണെങ്കിൽ ശരാശരി മൂലധന വൽക്കരണ രീതി പ്രകാരം സൽപ്പേര് മൂല്യം കണക്കാക്കുക.

12. പങ്കാളിത്ത സ്ഥാപനം അടച്ചുപൂട്ടുമ്പോൾ സ്വകാര്യ കടങ്ങളും സ്ഥാപനത്തിന്റെ കടങ്ങളും കൈകാര്യം ചെയ്യുന്നതെങ്ങനെയെന്ന് വിശദമാക്കുക.

## ഭാഗം-III

**A.** **13 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(3 × 3 = 9)**

13. താഴെ തന്നിരിക്കുന്ന വിവരങ്ങളിൽ നിന്നും 2020 ഡിസംബർ 31ന് വരവ് ചിലവ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന വരിസംഖ്യ കണ്ടു പിടിക്കുക :

| | (₹) |
|---|---|
| വരിസംഖ്യ ലാഭിച്ചത് | 35,000 |
| 1-1-2020 ൽ ലഭിക്കാനുള്ള വരിസംഖ്യ | 2,500 |
| 1-1-2020 ൽ മുൻക്കൂർ കിട്ടിയ വരിസംഖ്യ | 1,500 |
| 31-12-2020 ൽ മുൻകൂർ കിട്ടിയ വരിസംഖ്യ | 2,000 |
| 31-12-2020 ൽ ലാഭിക്കാനുള്ള വരിസംഖ്യ | 3,000 |

14. Shajahan a partner in a firm withdrew the following amounts during the year ended March 31, 2021 :

| | (₹) |
|---|---|
| May 01, 2020 | 8,000 |
| August 31, 2020 | 9,000 |
| October 1, 2020 | 7,000 |
| January 1, 2021 | 10,000 |

Calculate interest on drawings if interest is charged at 8% per annum.

15. Ammu and Chinchu are partners in a firm sharing profits and losses in the ratio of 2 : 1. They admitted Baby into partnership with 1/4 share in profits. Baby brings in ₹ 50,000 for capital and ₹ 15,000 as her share goodwill.

Give necessary Journal Entries.

16. What journal entries will be recorded for the following transactions on the dissolution of a firm :

(a) Payment of unrecorded liabilities of ₹ 5,500.

(b) Stock worth ₹ 12,000 taken over by a partner Sanjith.

(c) Profit on Realisation amounting to ₹ 25,000 is to be distributed among the partners Akbar and Vineeth in the ratio of 3 : 2.

**B. Answer the following question, carries 3 scores. (1 × 3 = 3)**

17. P and Q are partners in a firm with capitals of ₹ 1,50,000 and ₹ 1,00,000 respectively. On 1st July, 2020 P withdrew ₹ 50,000 from his capital. Calculate interest on the partners capitals @ 10% per annum, assuming that the books of accounts are closed on December 31st every year.

## PART-IV

**A. Answer any two questions from 18 to 20. Each carries 4 scores. (2 × 4 = 8)**

18. Radha, Sudha and Prema are partners with capitals of ₹ 75,000, ₹ 60,000 and ₹ 45,000 respectively. They share profits in the ratio of 5 : 3 : 2. Sudha is to be paid a salary of ₹ 750 per month and Radha will get annual commission of ₹ 8,000. As per the deed, partners are entitled to receive interest on capital at 6% p.a. The drawings made by the partners during the period were ₹ 5,000, ₹ 3,000 and ₹ 2,000 respectively. The firm charged interest on drawings at ₹ 500, ₹ 300 and ₹ 200 respectively.

The Net Profit of the firm for the year ended 31-12-2020 after all adjustments were ₹ 30,000.

Prepare Capital A/cs of Partners.

14. 2021, മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തിൽ ഷാജഹാൻ എന്ന പങ്കാളി താഴെ പറയുന്ന തുക പിൻവലിക്കുന്നു :

| | (₹) |
|---|---|
| മേയ് 01, 2020 | 8,000 |
| ആഗസ്റ്റ് 31, 2020 | 9,000 |
| ഒക്ടോബർ 1, 2020 | 7,000 |
| ജനുവരി 1, 2021 | 10,000 |

8% വാർഷിക നിരക്കിൽ പലിശ കണക്കാക്കുകയാണെങ്കിൽ തൻപറ്റ് പലിശ കണ്ടു പിടിക്കുക.

15. അമ്മു, ചിഞ്ചു എന്നിവർ 2 : 1 അനുപാതത്തിൽ ലാഭം പങ്കുവയ്ക്കുന്ന പങ്കാളികളാണ്. ബേബിയെ 1/4 ഭാഗം ലാഭ വിഹിതത്തിന് പ്രവേശിപ്പിക്കുന്നു. ബേബി 50,000 രൂപ മൂലധനമായും 15,000 രൂപ ഗുഡ്‌വിൽ വിഹിതമായും കൊണ്ടുവരുന്നു.

ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

16. പങ്കാളിത്തം അടച്ചു പൂട്ടലുമായി ബന്ധപെട്ട് താഴെ തന്നിരിക്കുന്ന ഇടപാടുകൾക്ക് ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക :

(a) 5,500 രൂപയുടെ കണക്കിൽ കാണിക്കാത്ത ബാധ്യത കൊടുത്തു തീർത്തു

(b) 12,000 രൂപ മൂല്യമുള്ള സ്റ്റോക്ക് സഞ്ചിത്ത് എന്ന പങ്കാളി ഏറ്റെടുക്കുന്നു.

(c) റിയലൈസേഷൻ ലാഭമായ 25,000 രൂപ പങ്കാളികളായ അക്ബർ, വിനീത് എന്നിവർ 3 : 2 അനുപാതത്തിൽ വീതിക്കുന്നു.

**B. താഴെ തന്നിട്ടുള്ള ചോദ്യത്തിന് ഉത്തരമെഴുതുക. 3 സ്കോർ.** **(1 × 3 = 3)**

17. P യും Q വും പങ്കാളികളാണ്. അവരുടെ മൂലധനം യഥാക്രമം 1,50,000 വും 1,00,000 വും ആകുന്നു. 2020 ജൂലൈ 1 ന് P അയാളുടെ മൂലധനത്തിൽ നിന്നും 50,000 രൂപ പിൻവലിക്കുന്നു. 10% നിരക്കിൽ പങ്കാളികളുടെ മൂലധനത്തിന് പലിശ കണക്കാക്കുക. കണക്കുകൾ തീർപ്പാക്കുന്നത് എല്ലാവർഷവും ഡിസംബർ 31 നാണ്.

## ഭാഗം – IV

**A. 18 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(2 × 4 = 8)**

18. രാധ, സുധ, പ്രേമ എന്നിവർ ₹ 75,000, ₹ 60,000, ₹ 45,000 എന്ന ക്രമത്തിൽ മൂലധന നിക്ഷേപമുള്ള പങ്കാളികളാണ്. അവരുടെ ലാഭനഷ്ട അനുപാതം 5 : 3 : 2 ആണ്. സുധക്ക് പ്രതിമാസം 750 രൂപ വീതം ശമ്പളവും രാധക്ക് പ്രതിവർഷം 8,000 രൂപ കമ്മീഷനും ലഭിക്കുന്നുണ്ട്. പങ്കാളിത്ത കരാർ പ്രകാരം മൂലധനത്തിന് 6% നിരക്കിൽ പലിശ ലഭിക്കും. പങ്കാളികളുടെ തൻപറ്റ് യഥാക്രമം 5,000 രൂപ, 3,000 രൂപ, 2,000 രൂപ വീതം ആകുന്നു. ആയതിന്റെ പലിശ 500, 300, 200 രൂപ വീതവും ആകുന്നു.

31-12-2020 ൽ എല്ലാനീക്കുപോക്കുകൾക്കും ശേഷമുള്ള സ്ഥാപനത്തിന്റെ അറ്റാദായം 30,000 രൂപ ആണ്.

പങ്കാളികളുടെ മൂലധന അക്കൗണ്ട് തയ്യാറാക്കുക.

19. Following is the Balance Sheet of X and Y who share profits and losses in the ratio of 3 : 2 :

**Balance Sheet as on 31-12-2020**

| Liabilities | Amount (₹) | Assets | Amount (₹) |
|---|---|---|---|
| Creditors | 30,000 | Cash | 15,000 |
| Capital A/cs : | | Debtors | 30,000 |
| X | 50,000 | Stock | 15,000 |
| Y | 30,000 | Furniture | 22,000 |
| | | Plant & Machinery | 28,000 |
| | **1,10,000** | | **1,10,000** |

On that date Z is admitted with a capital of ₹ 25,000 with 1/5 share in profits. The Assets and Liabilities are revalued as follows :

(1) Value of Plant & Machinery be reduced by 10%.

(2) Stock is valued at ₹ 20,000.

(3) Create a provision on debtors @ 5%.

(4) An unrecorded investment worth ₹ 2,000 brought into a/c.

(5) An outstanding bill for repairs of ₹ 1,000 brought into a/c.

Prepare Revaluation a/c.

20. Aju, Biju and Siju are partners in a firm with profit sharing ratio of 3 : 2 : 1. Siju retires from the firm on 1st January, 2018 and the amount due to him stands to ₹ 75,000. Aju and Biju agree to pay the balance in three equal instalments together with interest at 10% p.a.

Prepare Siju's loan a/c for the three years.

19. 3 : 2 അനുപാതത്തിൽ ലാഭ നഷ്ടങ്ങൾ പങ്കുവയക്കുന്ന പങ്കാളികളായ X, Y എന്നിവരുടെ ബാക്കിപത്രം താഴെകൊടുക്കുന്നു :

**31-12-2020 ലെ ബാക്കി പത്രം**

| ബാധ്യത | തുക (₹) | ആസ്തികൾ | തുക (₹) |
|---|---|---|---|
| ക്രെഡിറ്റേഴ്സ് | 30,000 | ക്യാഷ് | 15,000 |
| മൂലധനം : | | ഡെബ്റ്റേഴ്സ് | 30,000 |
| X | 50,000 | സ്റ്റോക്ക് | 15,000 |
| Y | 30,000 | ഫർണീച്ചർ | 22,000 |
| | | പ്ലാന്റ് & മെഷിനറി | 28,000 |
| | **1,10,000** | | **1,10,000** |

പ്രസ്തുത തിയ്യതിയിൽ 1/5 ഭാഗം ലാഭ വിഹിതം നൽകിക്കൊണ്ട് Z നെ പ്രവേശിപ്പിക്കുന്നു. Z 25,000 രൂപ മൂലധനമായി കൊണ്ടുവരുന്നു. ആസ്തി ബാധ്യതകൾ താഴെ പറയും പ്രകാരം പുനർമൂല്യനിർണ്ണയം നടത്തുന്നു :

(1) പ്ലാന്റ് & മെഷിനറിയുടെ വില 10% കുറയുന്നു.

(2) സ്റ്റോക്ക് 20,000 രൂപയായി നിർണ്ണയിക്കുന്നു.

(3) ഡെബ്റ്റേഴ്സ്ന് 5% കരുതൽ ഉണ്ടാക്കുന്നു.

(4) 2,000 രൂപ മൂല്യമുള്ള രേഖപ്പെടുത്താത്ത നിക്ഷേപം അക്കൗണ്ടിലേക്ക് കൊണ്ടുവന്നു.

(5) 1,000 രൂപയുടെ അറ്റക്കുറ്റ പണികൾക്കുള്ള കുടിശ്ശികയുള്ള ബിൽ അക്കൗണ്ടിലേക്ക് കൊണ്ടുവന്നു.

പുനർമൂല്യനിർണയ അക്കൗണ്ട് തയ്യാറാക്കുക.

20. അജു, ബിജു, സിജു എന്നിവർ 3 : 2 : 1 അനുപാതത്തിൽ ലാഭം പങ്കുവയ്ക്കുന്ന പങ്കാളികളാണ്. 2018 ജനുവരി 1 ന്ന് സിജു വിരമിക്കുമ്പോൾ 75,000 രൂപ അദ്ദേഹത്തിന് നൽകാനുണ്ട്. പ്രസ്തുത തുക മൂന്ന് തുല്യ ഗഡുക്കളായി 10% പലിശയുൾ പ്പെടെ നൽകാമെന്ന് അജുവും ബിജുവും സമ്മതിക്കുന്നു.

3 വർഷത്തേക്കുള്ള സിജു വിന്റെ ലോൺ അക്കൗണ്ട് തയ്യാറാക്കുക.

**B. Answer any one question from 21 to 22. Carries 4 scores.** **(1 × 4 = 4)**

21. From the following particulars calculate the amount of salary to be debited to Income & Expenditure A/c for the year ending 31-3-2021 :

| | (₹) |
|---|---|
| Salary paid during the year | 35,000 |
| Salary unpaid on 31-3-2021 | 4,500 |
| Salary unpaid on 1-4-2020 | 6,300 |
| Salary prepaid on 1-4-2020 | 3,400 |
| Salary prepaid on 31-3-2021 | 5,100 |

22. Briefly explain the circumstances which need for valuation of goodwill in a partnership firm.

## PART-V

**Answer any one question from 23 to 24. Carries 5 scores.** **(1 × 5 = 5)**

23. Following is the Receipts and Payments A/c of the Janoni Club for the year ended on 31-12-2020 :

| Receipts | Amount (₹) | Payments | Amount (₹) |
|---|---|---|---|
| Balance b/d | 2,500 | Rent | 6,000 |
| Subscriptions | 37,000 | Electricity Charges | 3,000 |
| Life Membership Fee | 3,500 | Lecturer's Fee | 750 |
| Donation | 5,000 | Office expenses | 1,500 |
| Interest | 1,250 | Printing & Stationery | 1,200 |
| | | Books | 7,000 |
| | | Furniture Purchased | 9,000 |
| | | Balance c/d : | |
| | | Cash in Hand | 5,800 |
| | | Cash in Bank | 15,000 |
| | **49,250** | | **49,250** |

You are required to prepare Income and Expenditure A/c after considering the following adjustments :

(a) Subscription outstanding ₹ 1,750 and received in advance ₹ 1,500.

(b) Provide depreciation on furniture at 5% and Books at 10%.

**B. 21 മുതൽ 22 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ.** (1 × 4 = 4)

21. താഴെ തന്നിട്ടുള്ള വിവരങ്ങളിൽ നിന്നും 31-3-2021 ന് വരവ് ചിലവ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ട ശമ്പളതുക കണ്ടുപിടിക്കുക :

| | (₹) |
|---|---|
| തൻവർഷം നൽകിയ ശമ്പളം | 35,000 |
| 31-3-2021 ന് നൽകാനുള്ള ശമ്പളം | 4,500 |
| 1-4-2020 ന്ന് നൽകാനുള്ള ശമ്പളം | 6,300 |
| 1-4-2020 ന്ന് മുൻകൂർ നൽകിയ ശമ്പളം | 3,400 |
| 31-3-2021 ന്ന് മുൻകൂർ നൽകിയ ശമ്പളം | 5,100 |

22. ഒരു പങ്കാളിത്ത സ്ഥാപനത്തിൽ സൽപേര് മൂല്യം നിർണ്ണയിക്കേണ്ട സാഹചര്യങ്ങൾ വിശദമാക്കുക.

## ഭാഗം – V

**23 മുതൽ 24 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ** (1 × 5 = 5)

23. 31-12-2020 ലെ ജനനി ക്ലബ്ബിന്റെ പണം സ്വീകരിക്കൽ നൽകൽ അക്കൗണ്ട് താഴെ കോടുക്കുന്നു :

| സ്വീകരിക്കൽ | തുക (₹) | നൽകൽ | തുക (₹) |
|---|---|---|---|
| പ്രാരംഭനീക്കിയിരിപ്പ് | 2,500 | വാടക | 6,000 |
| വരിസംഖ്യ | 37,000 | ഇലക്ട്രിസിറ്റി ചാർജ് | 3,000 |
| ആജീവനാന്ത മെമ്പർഷിപ്പ് | 3,500 | ലെക്ചറർ ഫീ | 750 |
| സംഭാവന | 5,000 | ഓഫീസ് ചിലവുകൾ | 1,500 |
| പലിശ | 1,250 | പ്രിന്റിംഗും സ്റ്റേഷനറിയും | 1,200 |
| | | പുസ്തകങ്ങൾ | 7,000 |
| | | ഫർണിച്ചർ വാങ്ങിയത് | 9,000 |
| | | വർഷാന്ത്യ നീക്കിയിരിപ്പ് : | |
| | | കൈവശമുള്ള പണം | 5,800 |
| | | ബാങ്കിലുള്ള പണം | 15,000 |
| | **49,250** | | **49,250** |

**താഴെ പറയുന്ന നീക്കുപോക്കുകൾ പരിഗണിച്ചശേഷം വരവ് ചിലവ് അക്കൗണ്ട് തയ്യാറാക്കുക :**

(a) വരിസംഖ്യാ കുടിശിഖ 1,750 രൂപയും മുൻകൂർ ലഭിച്ചത് 1,500 രൂപയും.

(b) ഫർണീച്ചറിന് 5% വും പുസ്തകങ്ങൾക്ക് 10% വും മൂല്യക്ഷയം കണക്കാക്കുക.

24. Kannan and Thambi were in partnership who were sharing profits and losses equally. Their Balance Sheet as on 31-3-2020 was as follows :

| Liabilities | | Amount (₹) | Assets | Amount (₹) |
|---|---|---|---|---|
| Creditors | | 40,000 | Cash | 5,000 |
| Reserve Fund | | 20,000 | Debtors | 35,000 |
| Bills payable | | 5,000 | Stock | 55,000 |
| Capital A/cs : | | | Furniture | 10,000 |
| Kannan | 60,000 | | Plant & Machinery | 20,000 |
| Thambi | 40,000 | 1,00,000 | Building | 40,000 |
| | | **1,65,000** | | **1,65,000** |

Varghese is admitted as a partner on the date of the Balance Sheet on the following terms :

(1) Varghese will bring in ₹ 75,000 as his capital.

(2) Plant & Machinery will be increased by ₹ 10,000.

(3) Stock should be reduced by ₹ 5,000.

(4) Furniture should be appreciated by 10%.

(5) A provision for bad and doubtful debts is to be created at 5% on debtors.

Prepare Revaluation A/c and Capital A/cs of partners.

24. ലാഭനഷ്ടങ്ങൾ തുല്യമായി പങ്കുവയ്ക്കുന്ന സ്ഥാപനത്തിലെ പങ്കാളികളാണ് കണ്ണനും തമ്പിയും. 31-3-2020 ലെ അവരുടെ ബാക്കി പത്രം താഴെ കൊടുക്കുന്നു :

| ബാധ്യതകൾ | | തുക (₹) | ആസ്തികൾ | തുക (₹) |
|---|---|---|---|---|
| ക്രെഡിറ്റേഴ്സ് | | 40,000 | ക്യാഷ് | 5,000 |
| കരുതൽ ഫണ്ട് | | 20,000 | ഡെബ്റ്റേഴ്സ് | 35,000 |
| ബിൽസ് പേയബിൾ | | 5,000 | സ്റ്റോക്ക് | 55,000 |
| മൂലധനം : | | | ഫർണിച്ചർ | 10,000 |
| കണ്ണൻ | 60,000 | | പ്ലാന്റും മെഷിനറിയും | 20,000 |
| തമ്പി | 40,000 | 1,00,000 | കെട്ടിടം | 40,000 |
| | | **1,65,000** | | **1,65,000** |

ബാക്കി പത്രം തയ്യാറാക്കിയ തിയ്യതിയിൽ താഴെ പറയുന്ന നിബന്ധനകൾക്കനുസരിച്ച് വർഗീസിനെ പങ്കാളിയായി പ്രവേശിപ്പിക്കുന്നു :

(1) വർഗീസ് മൂലധനമായി 75,000 രൂപ കൊണ്ടു വരണം.

(2) പ്ലാന്റ് & മെഷിനറിയുടെ വില 10,000 രൂപ വച്ച് വർദ്ധിക്കുന്നു.

(3) സ്റ്റോക്കിന്റെ മൂല്യം 5,000 രൂപ വച്ച് കുറയുന്നു.

(4) ഫർണീച്ചറിന്റെ വില 10% വർദ്ധിക്കുന്നു.

(5) ഡെബ്റ്റേഴ്സിന് 5% കരുതൽ മാറ്റിവയ്ക്കണം.

**പുനർ മൂല്യ നിർണ്ണയ അക്കൗണ്ടും പങ്കാളികളുടെ മൂലധന അക്കൗണ്ടും തയ്യാറാക്കുക.**

## SECTION – II

## ANALYSIS OF FINANCIAL STATEMENTS

(40 Scores)

### PART-VI

**A. Answer any four questions from 25 to 30. Each carries 1 score.** (4 × 1 = 4)

25. Equity shareholders are ________.

(a) Creditors (b) Customers

(c) Owners (d) Debtors

26. Interest on calls in advance payable according to table F is

(a) 6% (b) 12%

(c) 5% (d) 10%

27. Debentures constitute _______ capital of the company.

(a) Owned (b) Borrowed

(c) Authorised (d) Reserve

28. The financial statement of a business enterprise include :

(a) Balance Sheet (b) Cash Flow Statement

(c) Statement of Profit and Loss (d) All of the above

29. A company issued a share of face value of ₹ 10 to ₹ 15. The excess value is called

(a) Reserve (b) Premium

(c) Nominal value (d) Discount

30. One of the tools used for financial analysis is also known as 100% statements. Identify it.

(a) Common size statement (b) Comparative statement

(c) Trend analysis (d) Cash flow analysis

## SECTION – II

## ANALYSIS OF FINANCIAL STATEMENTS (40 Scores)

### ഭാഗം – VI

**A. 25 മുതൽ 30 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വിതം. (4 × 1 = 4)**

25. സാധാരണ ഓഹരി ഉടമകൾ ________.
   (a) ക്രെഡിറ്റേഴ്സ് (b) ഉപഭോക്താക്കൾ
   (c) ഉടമസ്ഥർ (d) ഡെബ്റ്റേഴ്സ്

26. മുൻകൂർ കാൾ തുകക്ക് ടേബിൾ എഫ് പ്രകാരം നൽകേണ്ട പലിശ നിരക്ക്
   (a) 6% (b) 12%
   (c) 5% (d) 10%

27. കടപ്പത്രങ്ങൾ ഒരു കമ്പനിയുടെ ________ മൂലധനമാണ്
   (a) ഉടമസ്ഥത (b) കടംവാങ്ങിയ
   (c) അംഗീകൃത (d) കരുതൽ

28. ഒരു സ്ഥാപനത്തിന്റെ ധനകാര്യ പത്രികകളിൽ ഉൾപ്പെടുന്നത് :
   (a) ബാക്കി പത്രം (b) പണവ്യതിയാനപത്രിക
   (c) ലാഭനഷ്ട പത്രിക (d) ഇവയെല്ലാം

29. ഒരു കമ്പനി 10 രൂപ മുഖവിലയുള്ള ഓഹരി 15 രൂപക്ക് പുറപ്പെടുവിക്കുന്നു. ഈ അധികവിലക്ക് പറയുന്നത്
   (a) റിസർവ് (b) പ്രീമിയം
   (c) നോമിനൽ വില (d) കിഴിവ്

30. സാമ്പത്തിക വിശകലനത്തിനുള്ള ടൂളുകളിൽ ഒന്ന് 100% പത്രിക എന്നും അറിയപ്പെടുന്നു. അത് തിരിച്ചറിയുക.
   (a) കോമൺ സൈസ് സ്റ്റേറ്റ്മെന്റ് (b) കമ്പാരേറ്റീവ് സ്റ്റേറ്റ്മെന്റ്
   (c) ട്രെൻഡ് സ്റ്റേറ്റ്മെന്റ് (d) ക്യാഷ്ഫ്ലോ വിശകലനം.

**B. Answer all questions from 31 to 33. Each carries 1 score.** **(3 × 1 = 3)**

31. Find the odd one

(a) Current Ratio (b) Debt Equity Ratio

(c) Liquid Ratio (d) Operating Ratio

32. A company proposes 20% dividend on equity shares. If the paid up amount of equity shares is ₹ 10 per share, Dividend per share will be ________.

(a) ₹ 4 (b) ₹ 2

(c) ₹ 6 (d) ₹ 10

33. When shares are issued for cash there is

(a) Inflow of cash (b) Outflow of cash

(c) Both inflow and outflow of cash (d) None of the above

## PART-VII

**A. Answer the following question, carries 2 scores.** **(1 × 2 = 2)**

34. What do you mean by One Person Company ?

**B. Answer any one question from 35 to 36. Carries 2 scores.** **(1 × 2 = 2)**

35. MK Ltd. purchased a machinery from Santhi Ltd. for ₹ 5,50,000 and paid ₹ 50,000 in cash and balance by issue of shares of ₹ 10 each. Write the Journal entry for purchase consideration.

36. Explain the nature of the Financial Statements. (Any Two points only)

B. 31 മുതൽ 33 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വിതം. (3 × 1 = 3)

31. വേറിട്ടുനിൽക്കുന്നത് എഴുതുക

(a) കറന്റ് അനുപാതം
(b) ഡെബ്റ്റ് ഇക്വിറ്റി അനുപാതം
(c) ലിക്വിഡ് അനുപാതം
(d) ഓപ്പറേറ്റിംഗ് അനുപാതം

32. ഒരു കമ്പനി സാധാരണ ഓഹരികൾക്ക് 20% ലാഭവിഹിതം നൽകാൻ തിരുമാനിക്കുന്നു. ഓഹരിയുടെ അടച്ചുതീർത്ത തുക 10 രൂപയാണെങ്കിൽ ഒരു ഓഹരിക്കുള്ള ലാഭവിഹിതം ________.

(a) 4 രൂപ
(b) 2 രൂപ
(c) 6 രൂപ
(d) 10 രൂപ

33. ഓഹരികൾ പണത്തിന് നൽകുമ്പോൾ

(a) പണത്തിന്റെ വരവ്
(b) പണത്തിന്റെ പോക്ക്
(c) പണത്തിന്റെ വരവും പോക്കും
(d) ഇവയൊന്നുമല്ല

## ഭാഗം – VII

A. താഴെ പറയുന്ന ചോദ്യത്തിന് ഉത്തരമെഴുതുക. 2 സ്കോർ. (1 × 2 = 2)

34. വൺ പേഴ്സൺ കമ്പനി എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

B. 35 മുതൽ 36 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ. (1 × 2 = 2)

35. MK ലിമിറ്റഡ് ശാന്തി ലിമിറ്റഡിൽ നിന്നും 5,50,000 രൂപ വിലയുള്ള മെഷിനറി വാങ്ങി. 50,000 രൂപ രൊക്കം പണമായി നൽകുകയും ബാക്കി 10 രൂപ മുഖ വിലയുള്ള ഓഹരികളായി നൽകുകയും ചെയ്തു. ഈ ഇടപാടിനുള്ള ജേർണൽ എൻട്രി എഴുതുക.

36. ധനകാര്യ സ്റ്റേറ്റുമെന്റുകളുടെ സവിശേഷതകൾ വിശദീകരിക്കുക. (ഏതെങ്കിലും രണ്ടെണ്ണം)

## PART-VIII

**A. Answer any three questions from 37 to 40. Each carries 3 scores.** **(3 × 3 = 9)**

37. Arjun Ltd. invited applications for 20,000 equity shares of ₹ 10 each. Applications were received for 30,000 shares and the directors decided to make prorata allotment by adjusting excess application money towards the amount due on allotment. Pass Journal entries when the application money is ₹ 3 per share.

38. Give Journal entries for issue of ₹ 1,50,000 10% debentures of ₹ 100 each issued at par and redeemable at par.

39. Classify the following transactions into operating activities and investing activities of a manufacturing concern.

    (a) Rent of factory paid

    (b) Purchase of Land

    (c) Sale of Goods

    (d) Paid cash to Suppliers

    (e) Purchase of Furniture

    (f) Investment in Fixed Deposit

40. **Amritha, a shareholder holding 300 shares of ₹ 10 each, did not pay the allotment money of ₹ 5 per share (including a premium of ₹ 2) and the first and final call of ₹ 4. Her shares were forfeited. Give journal entry for forfeiture.**

**B. Answer the following question, carries 3 scores.** **(1 × 3 = 3)**

41. Sun Ltd. purchased assets of the book value of ₹ 2,50,000 from Moon Ltd. and agreed to make the payment of purchase consideration by issuing 2500, 9% debentures of ₹ 100 each. Record necessary Journal Entries.

ഭാഗം – VIII

**A. 37 മുതൽ 40 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(3 × 3 = 9)**

37. അർജുൻ ലിമിറ്റഡ് 10 രൂപ മുഖവിലയുള്ള 20,000 സാധാരണ ഓഹരികൾക്ക് അപേക്ഷ ക്ഷണിക്കുന്നു. 30,000 ഓഹരികൾക്ക് അപേക്ഷ ലഭിക്കുകയും അധിക അപേക്ഷാ പണം അലോട്ട്മെന്റ് തുകയിൽ നീക്കുപോക്കു ചെയ്യാമെന്ന വ്യവസ്ഥയിൽ പ്രോറാറ്റ അലോട്ട്മെന്റ് നടത്തുവാൻ തിരുമാനിക്കുകയും ചെയ്തു. അപേക്ഷാ പണം 3 രൂപയാണെങ്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

38. ജേർണൽ എൻട്രികൾ എഴുതുക – 100 രൂപ മുഖവിലയുള്ള 1,50,000 രൂപയുടെ 10% കടപത്രങ്ങൾ മുഖവിലയിൽ പുറപ്പെടുവിക്കുകയും മുഖവിലയിൽ വീണ്ടെടുക്കുകയും ചെയ്യുന്നു.

39. ഒരു മാനുഫാക്ചറിംഗ് സ്ഥാപനത്തിന്റെ താഴെ പറയുന്ന പ്രവർത്തനങ്ങളെ ഓപ്പറേറ്റിംഗ് പ്രവർത്തനങ്ങൾ എന്നും ഇൻവെസ്റ്റിംഗ് പ്രവർത്തനങ്ങൾ എന്നും തരംതിരിക്കുക.

   (a) ഫാക്ടറിയുടെ വാടക നൽകിയത്

   (b) ഭൂമി വാങ്ങിയത്

   (c) സാധനങ്ങൾ (ചരക്കുകൾ) വിറ്റത്

   (d) സപ്ലയർമാർക്ക് പണം കൊടുത്തത്

   (e) ഫർണിച്ചർ വാങ്ങിയത്

   (f) സ്ഥിര നിക്ഷേപത്തിലെ നിക്ഷേപം

40. 10 രൂപ മുഖവിലയുള്ള 300 ഓഹരികൾ കൈവശം വച്ചിട്ടുള്ള അമൃത അലോട്ട്മെന്റ് തുക 5 രൂപ (2 രൂപ പ്രീമിയം ഉൾപ്പെടെ) യും ആദ്യഅവസാന കാൾതുക 4 രൂപയും അടയ്ക്കാൻ വീഴചവരുത്തുന്നു. അവളുടെ ഓഹരികൾ കണ്ടുകെട്ടുന്നു. ആവശ്യമായ ജേർണൽ എൻട്രി എഴുതുക.

**B. താഴെ തന്നിട്ടുള്ള ചോദ്യത്തിന് ഉത്തരമെഴുതുക. 3 സ്കോർ.** **(1 × 3 = 3)**

41. സൺ ലിമിറ്റഡ് 2,50,000 രൂപ വിലയുള്ള ആസ്തികൾ മൂൺ ലിമിറ്റഡിൽ നിന്നും വാങ്ങുകയും പ്രതിഫലമായി 100 രൂപ മുഖവിലയുള്ള 2500, 9% നിരക്കിലുള്ള കടപ്പത്രങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

## PART-IX

**A. Answer any two questions from 42 to 44. Each carries 4 scores.** **(2 × 4 = 8)**

42. Distinguish between Shares and Debentures.

43. Explain the limitations of Financial Statement. (Any Four)

44. Prepare a comparative statement of Profit and Loss of Star Company Ltd. from the following :

| Particulars | Note No. | 2018-19 | 2019-20 |
|---|---|---|---|
| (1) Revenue from Operations | | 5,00,000 | 7,00,000 |
| (2) Other Income | | 75,000 | 1,00,000 |
| (3) Expenses | | 2,10,000 | 4,20,000 |
| (4) Income Tax | | 30% | 35% |

**B. Answer any one question from 45 to 46. Carries 4 scores.** **(1 × 4 = 4)**

45. The Directors of a Ltd. Co., decided to forfeit 500 equity shares of ₹ 10 each for non-payment of second and final call of ₹ 3 per share. These shares were re-issued at ₹ 8 per share. Show the necessary Journal Entries.

46. "The nature of financial analysis will differ depending on the purpose of the analyst". In the light of this explain the significance of Analysis of Financial Statements.

## PART-X

**Answer any one question from 47 to 48. Carries 5 scores.** **(1 × 5 = 5)**

47. Sathya Ltd. issued 30,000 Equity Shares of ₹ 10 each at a premium of ₹ 2 per share payable as follows :

On Application ₹ 3

On Allotment ₹ 5 (Including Premium)

On First and Final call ₹ 4

Applications were received for 35,000 shares and pro-rata allotment was made to all applicants. The excess application money was adjusted towards allotment.

Record necessary journal entries in the books of the company.

## ഭാഗം – IX

**A. 42 മുതൽ 44 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(2 × 4 = 8)**

42. ഓഹരികളും കടപത്രങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

43. ധനകാര്യ സ്റ്റേറ്റുമെന്റുകളുടെ പോരായമകൾ വിവരിക്കുക. (ഏതെങ്കിലും നാലെണ്ണം)

44. താഴെ പറയുന്ന വിവരങ്ങളിൽ നിന്നും സ്റ്റാർ കമ്പനി ലിമിറ്റഡിന്റെ കമ്പാരേറ്റീവ് ലാഭനഷ്ട സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക :

| വിശദാംശങ്ങൾ | നോട്ട് നമ്പർ | 2018-19 | 2019-20 |
|---|---|---|---|
| (1) റവന്യൂ ഫ്രം ഓപ്പറേഷൻസ് | | 5,00,000 | 7,00,000 |
| (2) മറ്റ് വരുമാനം | | 75,000 | 1,00,000 |
| (3) ചിലവുകൾ | | 2,10,000 | 4,20,000 |
| (4) ഇൻകം ടാക്സ് | | 30% | 35% |

**B. 45 മുതൽ 46 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ.** **(1 × 4 = 4)**

45. സെക്കന്റ് & ഫൈനൽ കാൾ തുക 3 രൂപ നൽകാത്തതിനാൽ 10 രൂപ മുഖവിലയുള്ള 500 സാധാരണ ഓഹരികൾ കണ്ടുകെട്ടാൻ ഡയറക്ടർമാർ തീരുമാനിക്കുന്നു. ഈ ഓഹരികൾ 8 രൂപ നിരക്കിൽ റീ ഇഷ്യൂ ചെയ്യാൻ തീരുമാനിക്കുന്നു. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

46. "വിശകലനം ചെയ്യുന്ന ആളുടെ ആവശ്യകതയ്ക്കനുസരിച്ച് സാമ്പത്തിക വിശകലനത്തിന്റെ സ്വഭാവവും മാറും." ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ സാമ്പത്തിക സ്റ്റേറ്റ്മെന്റുകളുടെ വിശകലനത്തിന്റെ പ്രാധ്യാന്യം വിവരിക്കുക.

## ഭാഗം – X

**47 മുതൽ 48 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ.** **(1 × 5 = 5)**

47. സത്യ ലിമിറ്റഡ് 10 രൂപ വിലയുള്ള 30,000 സാധാരണ ഓഹരികൾ 2 രൂപ പ്രീമിയത്തിൽ താഴെപറയും പ്രകാരം നൽകുന്നു :

അപേക്ഷതുക 3 രൂപ

അലോട്ട്മെന്റ് തുക 5 രൂപ (പ്രീമിയം ഉൾപ്പെടെ)

ആദ്യ അവസാന കാൾ 4 രൂപ

35,000 ഓഹരികൾക്ക് അപേക്ഷ ലഭിക്കുകയും പ്രോറാറ്റ അടിസ്ഥാനത്തിൽ എല്ലാവർക്കും അലോട്ടമെന്റ് നടത്തുകയും ചെയ്തു. അധിക അപേക്ഷ തുക അലോട്ട്മെന്റ് തുകയോടൊപ്പം നീക്കുപോക്ക് നടത്തും.

കമ്പനിയുടെ പുസ്തകത്തിൽ ആവശ്യമായ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.

48. Balance Sheet of Mḗgha Ltd. as on March 31st, 2021 is given below :

| Particulars | Note. No. | Amount (₹) |
|---|---|---|
| I. Equity and Liabilities : | | |
| 1. Shareholders' Funds | | |
| Share Capital | | 2,00,000 |
| Reserves and Surplus | | 3,00,000 |
| 2. Non-current Liabilities | | |
| Long term borrowings | | |
| 10% Debentures | | 1,00,000 |
| 3. Current Liabilities | | 2,90,000 |
| **Total** | | **8,90,000** |
| II. Assets : | | |
| 1. Non-Current Assets | | |
| Fixed Assets | | 3,60,000 |
| 2. Current Assets | | |
| Inventories | | 1,75,000 |
| Trade Receivables | | 3,25,000 |
| Cash and Cash equivalents | | 30,000 |
| **Total** | | **8,90,000** |

Compute the following ratios :

(a) Current Ratio

(b) Debt Equity Ratio

48. മേഘ ലിമിറ്റഡിന്റെ 31-3-2021 ലെ ബാലൻസ്ഷീറ്റ് താഴെ പറയുന്നു :

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (₹) |
|---|---|---|
| I. ഇക്വിറ്റിയും ബാധ്യതകളും : | | |
| 1. ഉടമസ്ഥതാ ഫണ്ട് | | |
| ഓഹരി മൂലധനം | | 2,00,000 |
| റിസർവും ലാഭങ്ങളും | | 3,00,000 |
| 2. നോൺകറന്റ് ബാധ്യതകൾ | | |
| ദീർഘകാല വായ്പകൾ | | |
| 10% കടപത്രങ്ങൾ | | 1,00,000 |
| 3. കറന്റ് ലയബിലിറ്റീസ് | | 2,90,000 |
| **ആകെ** | | **8,90,000** |
| II. **ആസ്തികൾ** : | | |
| 1. നോൺ കറന്റ് അസറ്റുകൾ | | |
| സ്ഥിരാസ്തി | | 3,60,000 |
| 2. കറന്റ് അസറ്റുകൾ | | |
| ഇൻവെന്ററികൾ | | 1,75,000 |
| ട്രേഡ് റിസീവബിൾ | | 3,25,000 |
| പണവും തത്തുല്യവും | | 30,000 |
| **ആകെ** | | **8,90,000** |

താഴെ പറയുന്നവ കണ്ടു പിടിക്കുക :

(a) കറന്റ് അനുപാതം

(b) ഡെബ്റ്റ് ഇക്വിറ്റി അനുപാതം